# കേരള കാർഷിക സർവകലാശാല

No.KAUGA/6190/2023-GA-J3(i) തിയതി, 20-05-2024

**നോട്ടീസ്**

വിഷയം കേരള കാർഷിക സർവകലാശാല – പൊതുഭരണം – കെ.എ.യു ഹൈസ്കൂൾ, വെള്ളാനിക്കര – 2024 – 25 അധ്യയന വർഷം മുതൽ 3 വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ അധ്യാപക നിയമനം – അവസാനഘട്ട എഴുത്തു പരീക്ഷ നടത്തുന്നത് – സംബന്ധിച്ച്

സൂചന 20/03/2024 തിയ്യതിയിലെ ഇതേ നമ്പർ വിജ്ഞാപനം

******

വെള്ളാനിക്കര കേരള കാർഷിക സർവകലാശാല ഹൈസ്കൂളിൽ 2024-25 അധ്യയന വർഷം മുതൽ 3 വർഷത്തേക്ക് High School Teacher, UP School Teacher, Nursery School Teacher, Specialist Teacher (Drawing, Music & Physical Education) എന്നീ തസ്തികകളിലേക്ക് കരാർ അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിന് ഓൺലൈൻ പോർട്ടൽ (recruit.kau.in) മുഖേന സൂചന പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു.

ടി. നിയമനത്തിനായി ഓൺലൈൻ പോർട്ടൽ മുഖേന പൂർണമായ അപേക്ഷ സമർപ്പിച്ചവരിൽ, 09.05.2024 തിയതിയിൽ നടത്തിയ പരീക്ഷ എഴുതാൻ സാധിക്കാത്ത ഉദ്യോഗാർത്ഥികൾക്കായി അവസാനഘട്ട എഴുത്തു പരീക്ഷ **01.06.2024** തിയതിയിൽ നടത്തുന്നതാണ്. ആയതിലേക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- സർവകലാശാലയുടെ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് ഓൺലൈൻ ജോബ് പോർട്ടൽ (recruit.kau.in) മുഖേന പൂർണമായ അപേക്ഷ സമർപ്പിച്ചവരിൽ, 09.05.2024 തിയതിയിൽ പരീക്ഷ എഴുതാൻ സാധിക്കാത്തവർക്ക് മാത്രമായാണ് 01.06.2024 തീയതി വെള്ളാനിക്കര കേരള കാർഷിക സർവകലാശാല ആസ്ഥാനത്തു വച്ച് അവസാനഘട്ട എഴുത്തു പരീക്ഷ നടത്തുന്നത്.

- 09.05.2024 ന് പരീക്ഷയ്ക്ക് ഹാജരായ ഉദ്യോഗാർത്ഥികൾ 01.06.2024-ന് നിശ്ചയിച്ചിരിക്കുന്ന പരീക്ഷയിൽ ഹാജരാകേണ്ടതില്ല.

- 01.06.2024 ന് നിശ്ചയിച്ചിരിക്കുന്ന എഴുത്തു പരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡ് 25.05.2024 തിയതി മുതൽ recruit.kau.in ജോബ് പോർട്ടലിൽ ലഭ്യമാകുന്നതാണ്.

- അവസാനഘട്ട പരീക്ഷയ്ക്ക് യോഗ്യരായിട്ടുള്ള ഉദ്യോഗാർത്ഥികൾ, ഓൺലൈൻ പോർട്ടൽ വഴി അപേക്ഷ സമർപ്പിച്ച വേളയിൽ ഉപയോഗിച്ച **Login ID, Password** എന്നിവ നൽകി പോർട്ടലിൽ നിന്നും **Admit Card** എന്ന ഓപ്ഷൻ ഉപയോഗിച്ച് അഡ്മിറ്റ് കാർഡ് ഡൌൺലോഡ് ചെയ്യേണ്ടതാണ്.

- അപൂർണമായ (ഉദാ: ഫീസ് അടച്ചതിന്റെ വിശദാംശങ്ങൾ, reference No. എന്നിവ രേഖപ്പെടുത്തി അവസാന ഘട്ടം പൂർത്തിയാക്കാത്ത) അപേക്ഷകൾ സമർപ്പിച്ചവരെ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല .

- 01.06.2024 തിയതിയിൽ നിശ്ചയിച്ചിരിക്കുന്ന പരീക്ഷ നടത്തുന്ന സ്ഥലം, വിവിധ തസ്തികകളുടെ പരീക്ഷാ സമയക്രമം എന്നിവ ഹാൾടിക്കറ്റിൽ നിന്നും അറിയാവുന്നതാണ്.

- പരീക്ഷയ്ക്ക് യോഗ്യരായിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് പോർട്ടലിൽ നിന്നും അഡ്മിറ്റ് കാർഡ് ഡൌൺലോഡ് ചെയ്യുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം നേരിടുന്ന സാഹചര്യത്തിൽ, Name, Application Number, Name of Post, Mobile Number എന്നിവ ഉൾപ്പെടെ കൃത്യമായ കാരണ സഹിതം അപേക്ഷ 27.05.2024 ന് 5 മണിക്ക് മുൻപായി schoolrecruit@kau.in എന്ന ഇമെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

- അഭിമുഖത്തിനുള്ള അറിയിപ്പ്, നിയമനോത്തരവ് എന്നിവ ഇമെയിൽ മുഖാന്തിരം മാത്രം അറിയിക്കുന്നതാണ്.

- കൃത്യമായ ഇടവേളകളിൽ കേരള കാർഷിക സർവകലാശാല വെബ് സൈറ്റ് www.kau.in പരിശോധിക്കുന്നതിന് ഉദ്യോഗാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

- സംശയനിവാരണതിന് ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 0487-2438030,email: schoolrecruit@kau.in

**A Sakeer Husain**
**REGISTRAR**

സ്വീകർത്താവ്:

Director of information systems, K.A.U
(For Publishing in www.kau.in & recruit.kau.in)

//അംഗീകാരത്തോടെ//
Signed by
Suja George
Date: 21-05-2024 13:04:05
സെക്ഷൻ ഓഫീസർ